ശ്രീമതി നഫീസത്തുബീവി: കയർവ്യവസായരംഗത്തുള്ള തകർച്ചയും വർദ്ധമാനമായ തൊഴിലില്ലായ്മയും പരിഗണിച്ച് ആലപ്പുഴയിൽ ഒരു മറൈൻ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് ആലോചിക്കുമോ?

ശ്രീ. കെ. എ. ദാമോദര മേനോൻ: ആലപ്പുഴയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കാനുള്ള നിശ്ചയം ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം സിറ്റി കാർപ്പൊറേഷന്റെ തിരഞ്ഞെടുപ്പ്

* 667. [12] † ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കാലാവധിയിന്നു തിരുവനന്തപുരം സിറ്റി കാർപ്പൊറേഷന്റെ തിരഞ്ഞെടുപ്പു നീട്ടിവയ്ക്കാൻ പ്രത്യേക കാരണങ്ങളെന്താണ്;

(ബി) സിറ്റി കാർപ്പൊറേഷനോടു പുതുതായി ചേർത്തിട്ടുള്ള പ്രദേശങ്ങൾക്ക് കാർപ്പൊറേഷൻ ഇപ്പോൾ കരം ഈടാക്കിവരുന്നതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ തിരഞ്ഞെടുപ്പു കഴിഞ്ഞു പുതിയ കൗൺസിൽ ഭരണം പ്രാപിക്കുന്നതുവരെ പ്രസ്തുത കരംപിരിവു നിർത്തിവയ്ക്കുവാൻ ഗവണ്മെന്റ് കാർപ്പൊറേഷനെ നിർദ്ദേശിക്കുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദര മേനോൻ):

(എ) നിലവിലിരുന്ന കൗൺസിലിന്റെ കാലാവധി 1-1-1964 വരെയായിരുന്നു. 1961–62 വർഷങ്ങളിൽ കടകംപള്ളി, ഉള്ളൂർ, രണ്ടാമട, വട്ടിയൂർക്കാവ്, തിരുമല, അമ്പലത്തറ എന്നീ പഞ്ചായത്തുകളിൽപെട്ട ചില പ്രദേശങ്ങൾ കാർപ്പറേഷനതൃത്തിയിലുൾപ്പെടുത്തുകയുണ്ടായി. പുതുതായുൾപ്പെടുത്തിയ പ്രദേശങ്ങൾക്ക് കൗൺസിലിൽ പ്രാതിനിദ്ധ്യം കൊടുക്കുകയും വാർഡുകൾ പുനർവിഭജനം നടത്തുകയും ചെയ്യേണ്ടതു് ആവശ്യമായിവന്നു. കൂടാതെ കാലിക്കട്ടസിറ്റി മുൻസിപ്പൽ ആക്ടിലെ വ്യവസ്ഥകൾ തിരുവനന്തപുരം നഗരത്തിനു് ബാധകമാക്കണമെന്നും ഗവണ്മെന്റ് തീരുമാനിച്ചു് അക്കാര്യങ്ങൾക്കുള്ള നിയമനിർമ്മാണം പൂർത്തിയാക്കി 1-1-1964–നു മുൻപു് കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പു് നടത്താൾ സാധിക്കാതെവന്നു. അതിനാൽ കൗൺസിലിന്റെ കാലാവധി ദീർഘിപ്പിക്കാൻ ഗവണ്മെന്റ് നിർബന്ധിതമായി.

(ബി) ഉണ്ടു്.

(സി) നിലവിലിരിക്കുന്ന തിരുവനന്തപുരം സിറ്റി മുൻസിപ്പൽ ആക്ടനുസരിച്ചു് ഗവണ്മെന്റിനു് അധികാരമില്ല.

ശ്രീ. ഇ. പി. ഗോപാലൻ: കാർപ്പറേഷനിൽ പുതിയതായി ഉൾപ്പെടുത്തിയ പ്രദേശങ്ങളുടെ നിയമനിർമ്മാണം കഴിയുകയും കാർപ്പറേഷന്റെ മറ്റു പ്രവർത്തനങ്ങൾ അങ്ങോട്ടു് വികസിപ്പിക്കുകയും ചെയ്യുന്നതിനുമുൻപു് അവിടെ കരം ചുമത്തിയതു് ശരിയല്ലെന്നുള്ള ഒരു നിർദ്ദേശം കാർപ്പറേഷനു കൊടുക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. കെ. എ. ദാമോദര മേനോൻ: അതൊക്കെ സ്വയംഭരണാധികാരമുള്ള കാർപ്പറേഷനാണു് ആലോചിച്ചു തീരുമാനിക്കാനുള്ളതു്.

സ്പിന്നിംഗ് മില്ലുകൾ

* 668. [13] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് അടുത്ത സാമ്പത്തികവർഷത്തിൽ ഏതെങ്കിലും സ്പിന്നിംഗ് മില്ലുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

† Put by Shri E. P. Gopalan.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം:

(സി) തൃശ്ശൂരിലെ സീതാറാംമിൽ പുനരാരംഭിക്കുന്നതിനു് എന്തെല്ലാം നടപടികളും ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടു്?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദര മേനോൻ):

(എ) (ബി) 1962-ൽ അനുവദിച്ചിട്ടുള്ള 12 മില്ലുകളിൽ ചിലതു് അടുത്ത സാമ്പത്തികവർഷത്തിൽ പ്രവർത്തനം തുടങ്ങുന്നതാണു്. സഹകരണാടിസ്ഥാനത്തിൽ ഏതാനും പുതിയ സ്പിന്നിംഗ്മില്ലുകളും തുടങ്ങണമെന്നുള്ള നിർദ്ദേശം ഗവണ്മെൻറിൻെറ പരിഗണനയിലുണ്ടു്. തീരുമാനമായിട്ടില്ല.

(സി) തൃശ്ശൂർ ജില്ലാകോടതിയുടെ അനുവാദത്തോടുകൂടി സീതാറാംമിൽ പാട്ടത്തിനു ഏറെറടുത്തുനടത്താൻ താൽപ്പര്യമുള്ളവരിൽനിന്നും അപേക്ഷകളും ക്ഷണിച്ചിരുന്നു. എന്നാൽ അപേക്ഷകർ ആരുമുണ്ടായിരുന്നില്ല. കൂടാതെ സെൻട്രൽ എക്സൈസു് ഡ്യൂട്ടിയിൽനിന്നും സീതാറാംമില്ലിനെ ഒഴിവാക്കാനുള്ള ഈ ഗവണ്മെൻറിൻെറ നിർദ്ദേശത്തെപ്പററി കേന്ദ്രഗവണ്മെൻറു് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് 24-1-1964-ൽ ഒരു അന്വേഷണം നടത്തുകയുണ്ടായി. അവസാനതീരുമാനമായിട്ടില്ല.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: 1962-ൽ തുടങ്ങിയ ചിലതിൻെറ പ്രവർത്തനം അടുത്തവർഷത്തിൽ തുടങ്ങുമെന്നുപറഞ്ഞു. അതു ഏതൊക്കെയാണെന്നു പറയാമോ? ആറന്മുളയിലെ കാരക്കാട്ടുള്ള പ്ലൈറാംമിൽസിൻെറ പ്രവർത്തനം എന്നു തുടങ്ങുമെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എ. ദാമോദര മേനോൻ: അതിൻെറ പ്രവർത്തനം എന്നു തുടങ്ങുമെന്നു ഇപ്പോഴും പറയുവാൻ സാധിക്കുകയില്ല. ആലുവായിലും പാലക്കാട്ടുമുള്ള രണ്ടു മില്ലുകളുടെ പ്രവർത്തനം പൂർത്തിയായിട്ടുണ്ടു്. എലക്ട്രിസിററി കിട്ടിയാലുടനെതന്നെ അതിൻെറ പ്രവർത്തനം ആരംഭിക്കുന്നതാണു്. ഒന്നരണ്ടു മില്ലുകളും 1965-ൽ പ്രവർത്തനം തുടങ്ങുമെന്നാണു് ഗവണ്മെൻറു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഓരോ ജില്ലയിലും കോവാപ്പറേററീവു് സെക്ടറിൽ മില്ലുകളും ആരംഭിക്കണമെന്ന ഗവണ്മെൻറു ആഫു് ഇൻഡ്യയുടെ വല്ല സ്കീമും നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ കോഴിക്കോടു് ജില്ലയിൽ ആരംഭിക്കാനുദ്ദേശിക്കുന്നതായ മിൽ കോവാപ്പറേററീവു് ബേസിസിൽതന്നെ കൊടുക്കുന്നതിനുവേണ്ട നടപടികളും ദയവായി സ്വീകരിക്കുമോ?

ശ്രീ. കെ. എ. ദാമോദര മേനോൻ: ഇപ്പോഴും ഗവണ്മെൻറു് ആഫു് ഇൻഡ്യയിൽനിന്നു് ഓരോ ജില്ലയിലും മില്ലുകളും തുടങ്ങണമെന്ന നിർദ്ദേശമല്ല ഉണ്ടായിട്ടുള്ളതു്. കോവാപ്പറേററീവു് സെക്ടറിൽ ചില സ്പിന്നിംഗ്മില്ലുകളും തുടങ്ങുന്നതിനുള്ള ഒരു തീരുമാനമെടുത്തതായിട്ടു് അറിവു കിട്ടിയിട്ടുണ്ടു്. ഈ സ്പിന്നിംഗ്മില്ലുകൾക്കു് കൊടുക്കുന്ന ധനസഹായത്തെ സംബന്ധിച്ചു് കൂടുതൽ അനുകൂലമായ ഒരു തീരുമാനം ഇൻഡ്യാഗവണ്മെൻറു് എടുത്തിട്ടുണ്ടു്. ഫിനാൻസു് കോർപ്പറേഷനിൽനിന്നു് ഷുഗർമിൽസിനു് ധനസഹായം ചെയ്യുന്നതുപോലെ ഈ മില്ലുകൾക്കും ചെയ്യാൻ കഴിയുമെന്നുള്ളതാണു് ഇന്നു് അംഗീകരിച്ചിട്ടുള്ള വ്യവസ്ഥ എന്നു കാണുന്നു. ഇവിടെ ഗവണ്മെൻറു് അതേപ്പറററി ആലോചിച്ചതിനുശേഷം ഓരോ ജില്ലയിലും ഓരോ കോവാപ്പറേററീവു് സ്പിന്നിംഗ്മിൽ സ്ഥാപിക്കാനുള്ള നടപടി എടുക്കണമെന്നാണു് ഞങ്ങളും താൽക്കാലികമായി ഒരു തീരുമാനമെടുത്തിട്ടുള്ളതു്. അതിൻെറ കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. ഹസ്സൻഗനി: കോട്ടക്കലിനടുത്തു് ഒരു സ്പിന്നിംഗ്മിൽ സ്ഥാപിക്കുന്നതിനുവേണ്ടി ഇൻഡസ്ട്രീസു് ആഫീസറും റീജിയണൽ ഡയറക്ടറുമൊക്കെ വന്നു് സ്ഥലപരിശോധന നടത്തിയതായിട്ടാണു് അറിയുന്നതു്. അതിനെ സംബന്ധിച്ചിടത്തോളം എന്തു തീരുമാനമാണു് എടുത്തിട്ടുള്ളതു്; അതിൻെറ പ്രവർത്തനം ആരംഭിച്ചോ?

ശ്രീ. കെ. എ. ദാമോദര മേനോൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സ്ഥലത്തു് മില്ലിൻെറ ശിലാസ്ഥാപനംതന്നെ നടന്നുകഴിഞ്ഞു. അതിൻെറ പണി വളരെവേഗത്തിൽ മുന്നോട്ടുപോകുന്നുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ: നിലവിലുള്ള സ്പിന്നിംഗ്മില്ലുകൾക്ക് സ്പിൻഡിൽസ് വർദ്ധിപ്പിച്ചു കിട്ടാനുള്ള അപേക്ഷകൾ റക്കമെൻറുചെയ്തു കേന്ദ്ര ഗവണ്മെൻറിനു് അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കൊച്ചിൻ ലക്ഷ്മിമിൽസിന്റെ അപേക്ഷ റക്കമെൻറു ചെയ്തു അയച്ചിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദര മേനോൻ: ഏഴര ശതമാനം സ്പിൻഡിൽസ് വീതം നിലവിലുള്ള മില്ലുകൾക്ക് കൊടുക്കാൻ കഴിയുമെന്നാണ് ഗവണ്മെൻറ് കണക്കാക്കിയിട്ടുള്ളതു്. അതിൽ എത്രയെണ്ണത്തിനു ശുപാർശചെയ്തിട്ടുണ്ടെന്നോ ആരിൽനിന്നെല്ലാം അപേക്ഷ കിട്ടിയിട്ടുണ്ടെന്നോ ഉള്ള കാര്യം എനിക്ക് ഇപ്പോൾ പറയുക സാധ്യമല്ല. ഇപ്പോഴത്തെ പുതിയ 12 സ്പിന്നിംഗ്മില്ലുകൾക്ക അതിന്റെ സ്പിൻഡിൽസ് പതിനായിരം എന്നുള്ളതു് ഇരുപത്തയ്യായിരമാക്കി വർദ്ധിപ്പിക്കാനുള്ള നടപടികളും ഗവണ്മെൻറ് എടുക്കുന്നുണ്ടു്.

ശ്രീ. ടി. കൃഷ്ണൻ: 1965-നകം ഈ 12 സ്പിന്നിംഗ്മില്ലുകളുടെയും പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. എ. ദാമോദര മേനോൻ: ഈ സ്പിന്നിംഗ്മില്ലുകൾ മൂന്നാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പരിപാടിയാണു്. ഈ പദ്ധതി അവസാനിക്കുന്നതിനുമുൻപുതന്നെ ഈ 12 സ്പിന്നിംഗ്മില്ലുകളും തീർച്ചയായും പ്രവർത്തനത്തിൽവരും.

ബസ്സ്റൂട്ട് ദേശസാൽകരണം

* 669. [14] †ശ്രീ. പി. കെ. അബ്ദുൽകാദർ: താഴെ കാണുന്ന പോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയകൊച്ചി-മലബാർ പ്രദേശത്തു് ഏതെങ്കിലും ബസ്സ്റൂട്ട് പൂർണ്ണമായി ദേശസാൽകരിച്ചിട്ടുണ്ടോ;

(ബി) ദേശസാൽകരണപരിപാടി മുന്നോട്ടുകൊണ്ടുപോകുന്നതിനു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഗുരുവായൂർ-കൊടുങ്ങല്ലൂർ, തൃശ്ശൂർ-കൊടുങ്ങല്ലൂർ റൂട്ടുകളിൽ ആവശ്യത്തിനുള്ള ബസ്സുകൾ ഇല്ലാത്തതുമൂലം യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ പ്രസ്തുത റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും സാധാരണ ട്രാൻസ്പോർട്ട് ബസ്സുകളും ഉടനടി ഓടിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിക്കുമോ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) കൊച്ചി പ്രദേശത്തു് എടകൊച്ചി തൊട്ടു് തൃശ്ശൂർവരെയുള്ള റൂട്ടു് ദേശവൽകരിച്ചിട്ടുണ്ടു്. പഴയ മലബാർ പ്രദേശത്തു് ഒരു റൂട്ടും പരിപൂർണ്ണമായി ദേശവൽകരിച്ചിട്ടില്ല.

(ബി) സാവധാനത്തിൽ നടപ്പിലാക്കുവാനാണു് ഉദ്ദേശിക്കുന്നതു്.

(സി) തൽക്കാലം നിവ്വാഹമില്ല. തൃശ്ശൂർ-കൊടുങ്ങല്ലൂർ-ചേറ്റുവായ് റൂട്ടിൽ ഇപ്പോൾ സ്റ്റേറ്റു് ട്രാൻസ്പോർട്ടു് ബസ്സുകൾ ഓടിക്കുന്നുണ്ടു്.

ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള: ബഹുമാനപ്പെട്ട മന്ത്രി ഇതിനുമുൻപു് ഒരു ചോദ്യത്തിനു ഉത്തരം പറയുകയുണ്ടായി, ഇവിടെ രണ്ടായിരത്തിൽ കൂടുതൽ പ്രൈവറ്റുബസ്സുകളുണ്ടെന്നു്. ഒരു ബസ്സിൽനിന്നു പലയിനങ്ങളിലായി പതിനായിരം രൂപ ഗവണ്മെൻറിനു വരുണ്ടു്. ഈ കണക്കുവച്ചുനോക്കുകയാണെങ്കിൽ ആണ്ടിൽ മൂന്നു കോടിയിലധികം രൂപ പ്രൈവറ്റുബസ്സുകളിൽനിന്നു ഗവണ്മെൻറിലേക്കു് വരുമാനമായി കിട്ടുന്നുണ്ടു്. അതുകൊണ്ടു് പ്രൈവറ്റു ബസ്സുകൾ കാര്യക്ഷമമായി ഓടിക്കുന്നതിനും അതിനുവേണ്ടി നല്ല ബസ്സുകൾ ഉപയോഗിക്കുന്നതിനും ഗവണ്മെൻറു് ശ്രദ്ധ ചെലുത്തുകയാണെങ്കിൽ അതാണു് കൂടുതൽ ആദായകരം എന്നുള്ളതിനെ പരിഗണിച്ചു് പ്രൈവറ്റുബസ്സു് ഓടിക്കുന്ന സമ്പ്രദായം പ്രോത്സാഹിപ്പിക്കാനും ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന ആദായം കുറയാതിരിക്കാനും വേണ്ട നടപടി സ്വീകരിക്കുമോ?

† Put by Shri N. Bhaskaran Nair.

LIBRARY ARCHIVES Kerala Legislative Assembly